File No.TCPCTP/515/2019-D

**<u>മുഖ്യ നഗരാസൂത്രകന്റെ നടപടി ക്രമം</u>**
**<u>തിരുവനന്തപുരം</u>**

വിഷയം:- നഗര-ഗ്രാമാസൂത്രണ വകുപ്പ് , മുഖ്യനഗരാസൂത്രകന്റെ കാര്യാലയം, തിരുവനന്തപുരം – സാങ്കേതിക വിഭാഗം കാസറഗോഡ് ജില്ല – കാസറഗോഡ് നഗരസഭ കാസറഗോഡ് വില്ലേജ് വാസഗൃഹ നിർമാണം – മാസ്റ്റർ പ്ലാൻ കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം :- 1. കാസറഗോഡ് നഗരസഭ സെക്രട്ടറിയുടെ 14/02/2019 തീയതിയിലെ ബിഎ-235/18-19 നമ്പർ കത്ത്.
2. കാസറഗോഡ് നഗരാസൂത്രകന്റെ 05/03/2019-ലെ സി3-236/19 നമ്പർ കത്ത്.

**ഉത്തരവ് നമ്പർ-റ്റിസിപിസിറ്റിപി/515/2019-ഡി തീയതി. 25/04/2019**

==========================================================================

**കാസറഗോഡ് ജില്ല**യിലെ **കാസറഗോഡ് നഗരസഭ** പരിധിയിലുള്ള **കാസറഗോഡ് വില്ലേജിൽ, റീ.സർവേ നമ്പർ 167/3 ബി1**-യിൽപ്പെട്ട **11.75 സെന്റ്** സ്ഥലത്ത് **നിലവിലുള്ള വീടിന് ഒന്നാംനില അധികമായി** നിർമിക്കുന്നതിനുള്ള കൺകറൻസ് ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ **ശ്രീ.കമലാക്ഷ** എന്നവരുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എം.ബി.ആർ 1999-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

**<u>നിബന്ധനകൾ</u>:-**

1. താഴെ പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും, നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി /എൻ.ഒ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമാണാനുമതി / ഒക്യുപെൻസി നൽകുവാൻ പാടുള്ളൂ.
2. കെ.എം.ബി.ആർ 1999-ലെ ചട്ടം 11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവേ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകന്റെ നിർമാണാവകാശം എന്നിവയും നിർദ്ദിഷ്ട നിർമാണസ്ഥലം പുറമ്പോക്ക ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം.
3. നിർമാണം കെ.എം.ബി.ആർ 1999-നും അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
4. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.
5. കട്ടിംഗ് /ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ.ഒ.സി വാങ്ങിയിരിക്കണം.
6. നിർദിഷ്ട നിർമാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വകസന / നിർമാണ പ്രവർത്തനങ്ങൾ 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ

നിയമം, അനുബന്ധ സർക്കുലറുകൾ 1967–ലെ കേരള ഭൂവിനിയോഗ ഉത്തരവ് ബാധകമാകുന്നപക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം.

7. മാസ്റ്റർ പ്ലാനിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കണം.
8. മഴവെള്ള സംഭരണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് നമ്പർ നൽകുന്നതിനു മുമ്പായി മുനിസിപ്പൽ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

*ഈ ഉത്തരവ് നിർമാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമാണ ചട്ടങ്ങൾക്കനുസൃതമായ നിർമാണ /വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമാണം ആരംഭിക്കുവാൻ പാടുള്ളൂ.*

ഉത്തരവിൻപ്രകാരം

ഉള്ളടക്കം.– ഒരുസെറ്റ് പ്ലാൻ

**ജയശ്രീ.പി.ആർ**
**നഗരാസൂത്രക**

**സെക്രട്ടറി,**
കാസറഗോഡ് നഗരസഭ

പകർപ്പ്.– 1. ശ്രീ.കമലാക്ഷ, ധനു നിവാസ്, പാറക്കാട്ട ആർ.ഡി നഗർ – 671 124
2. കാസറഗോഡ് ടൗൺപ്ലാനർ
3. വെബ്സൈറ്റ്
4. കരുതൽ ഫയൽ
5. അധികം

ക 01042019